**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മാള ബ്ലോക്ക് പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹാജരാകുവാൻ നിയമിച്ച അഡ്വക്കേറ്റിന് 17,500/- രൂപ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).1008/14/തസ്വഭവ തീയതി, തിരുവനന്തപുരം, 21.04.2014

=================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 18.10.2013 ലെ 19184/ജെ.ആർ.വൈ.2/13/ സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

ഗാന്ധി സ്മാരക ഹൈസ്ക്കൂൾ മാനേജ്മെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ RSA-1080/2009 നമ്പർ ആയി നൽകിയ റഗുലർ സെക്കന്റ് അപ്പീലിൽ, ബ്ലോക്ക് പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ഹാജരാകുവാൻ നിയമിച്ച ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന അഡ്വ.കെ.എസ്.ഭരതന് ടി കേസിന്റെ ഇനിഷ്യൽ ഫീസ്, ഓഫീസ് എക്സ്പെൻസ് ഉൾപ്പെടെ 17,500/- രൂപ അനുവദിക്കുന്ന വിഷയത്തിൽ അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തിൻപ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാള ബ്ലോക്ക് പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹാജരാകുവാൻ നിയമിച്ച അഡ്വക്കേറ്റിന് 17,500/- രൂപ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സത്യകുമാർ.എസ്.
ജോയിന്റ് സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, മാള, മാള പി.ഒ., കുരുവിലശ്ശേരി..
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ